# ഉത്പ 7:6 - 24
# മത്താ. 20:17 - 28

### ഫെബ്രുവരി 24 നോമ്പുകാലം മൂന്നാം ഞായർ

## ഭാഷ്യം

## ഉത്പ 7:6 – 24

### I. സന്ദർഭം

നോഹയുടെ കാലത്ത് മനുഷ്യവർഗ്ഗത്തിന്റെ തിന്മയുടെ ഫലമായി ദൈവം അയച്ച ജലപ്രളയം വഴിയായി എന്തു സംഭവിച്ചു എന്നു വിവരിക്കുന്ന വേദ പുസ്തകഭാഗമാണ് ഒന്നാം വായനയിലുള്ളത്. ഭൂമുഖത്തു മനുഷ്യനെ സൃഷ്ടിച്ചാക്കിയതിൽ ദൈവം ദുഃഖിച്ചു എന്നാണ് ഉത്പത്തി പുസ്തകം സാക്ഷ്യപ്പെടുത്തുന്നത്. എന്റെ സൃഷ്ടിയായ മനുഷ്യനെ ഞാൻ ഭൂമുഖത്തു നിന്ന് തുടച്ചുമാറ്റും. മനുഷ്യനെയും മൃഗങ്ങളെയും ഇഴജന്തുക്കളെയും പറവകളെയും ഞാൻ നാമാവശേഷമാക്കും (ഉത്പ 5,7-8).

### II. പ്രമേയം

ദൈവത്തിന്റെ പദ്ധതിയിൽ അവസാനത്തെ വാക്ക് ശിക്ഷയുടേതല്ല; രക്ഷയുടേതാണ്. മനുഷ്യവർഗ്ഗത്തേയും മൃഗങ്ങളേയും നാമാവശേഷമാക്കും എന്നു തീരുമാനിക്കുന്ന ദൈവം തന്നെ നോഹയേയും കുടുംബത്തേയും, വന്യമൃഗങ്ങളും, കന്നുകാലികളും, ഇഴജന്തുക്കളും പക്ഷികളുമായ സകലതിന്റെയും ഇനത്തിൽ നിന്ന് ഈരണ്ടുവീതം പെട്ടകത്തിൽ കയറ്റി വാതിൽ അടയ്ക്കുകയാണ് ചെയ്യുന്നത് (ഉത്പ. 7,16).

ജലപ്രളയത്തെക്കുറിച്ചുള്ള പൂർണ്ണവിവരണത്തിൽ നിന്നുമാണ് അതിന്റെ അർത്ഥവ്യാപ്തി നമുക്കു മനസ്സിലാവുന്നത്. നാല്പതുദിവസം തുടർ ച്ചയായി ഭൂമിയിൽ മഴ പെയ്തു. പെട്ടകം പൊങ്ങി ഭൂമിക്കുമുകളിലായി (ഉത്പ. 7,17). "നോഹയേയും പെട്ടകത്തിലുണ്ടായിരുന്ന എല്ലാ ജീവജാലങ്ങളേയും കന്നുകാലികളേയും ദൈവം ഓർത്തു" (ഉത്പ. 8,1). നിസ്സഹായവേളയിൽ കഴിയുന്നവരെ ഓർക്കുന്നവനാണ് ദൈവം. സിംഹക്കുഴിയിൽ എറിയപ്പെട്ട ദാനിയേലിനെ അവിടുന്ന് ഓർത്തു (ദാനി. 14,38). ഇസ്രായേൽ ജനത്തിന്റെ

നിലവിളി കേട്ടവനാണ് അവിടുന്ന് (പുറ. 3,7). ദൈവം മനുഷ്യനെ ഓർക്കുമ്പോൾ അത് അവന് രക്ഷയ്ക്ക് നിദാനമാകും.

## III. സന്ദേശം

പാപത്തിന് പരിഹാരം അനുഷ്ഠിക്കുകയും ദൈവത്തോട് കരുണ യാചിക്കുകയും ചെയ്യുന്നത് നോമ്പാചരണത്തിലെ പ്രധാനപ്പെട്ട ഘടകമാണ്. എന്നാൽ ഭയത്തിന്റെയും കുറ്റബോധത്തിന്റെയും വികാരങ്ങൾകൊണ്ട് ഒരാൾ ചെയ്യുന്ന മനസ്താപവും, ദൈവത്തിന്റെ സ്നേഹത്തിന് പ്രതിസ്നേഹം പ്രകടിപ്പിക്കാൻ സാധിക്കാത്തത് മൂലമുള്ള മനസ്താപവും രണ്ടുകാര്യങ്ങളാണ്. വി. ഗ്രന്ഥത്തിൽ നമുക്ക് വെളിപ്പെടുത്തി കിട്ടിയിട്ടുള്ള ദൈവത്തിന്റെ സ്വഭാവം പരിശോധിച്ചാൽ ശിക്ഷയെക്കുറിച്ചുള്ള ഭയംമൂലം പാപത്തെ വിട്ടുപേക്ഷിക്കുന്നതിലുപരിയായി മനുഷ്യനെ സ്നേഹിക്കുന്ന ദൈവത്തിന്റെ സ്നേഹവും കരുണയും എത്ര വലുതെന്ന് മനസ്സിലാക്കിക്കൊണ്ടുള്ള ജീവിത നവീകരണമാണ് കൂടുതൽ ഉചിതമായിട്ടുള്ളത്.

സ്വാഭാവികമായും ശിക്ഷയെക്കുറിച്ചുള്ള ഭയം പാപത്തിൽ നിന്നും വിടുതി നേടാൻ മനുഷ്യനെ സഹായിക്കുന്ന ഘടകമാണ്. വി. ഗ്രന്ഥം തന്നെ ദൈവത്തിന്റെ നീതിയുടെ ഈ വശത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട് (മത്ത. 25,46). എന്നാൽ ശിക്ഷിക്കുമ്പോഴും രക്ഷിക്കാൻ മറക്കാത്ത ദൈവത്തിന്റെ ചിത്രമാണ് ജലപ്രളയത്തിന്റെ വിവരണത്തിൽ നമ്മൾ കാണുന്നത്. ദൈവത്തെക്കുറിച്ചുള്ള ഈ തിരിച്ചറിവാണ് പുതിയ നിയമത്തിന്റെ പുതുമ. നീതിമാന്മാരെ വിളിക്കാനല്ല, പാപികളെ വിളിക്കാനാണ് താൻ വന്നിരിക്കുന്നത് എന്ന് യേശു അരുളിച്ചെയ്യുമ്പോൾ ദൈവത്തെക്കുറിച്ചുള്ള പുതിയ ഒരറിവാണ് നമുക്ക് ലഭിക്കുന്നത് (ലൂക്കാ 15). നോമ്പുകാലത്തെ പ്രായശ്ചിത്ത പ്രവൃത്തികളും പ്രാർത്ഥനാ ജീവിതവും ദൈവത്തെക്കുറിച്ചുള്ള ഈ ഉൾക്കാഴ്ചയാൽ പ്രേരിതമാകണം.

**ഡോ. ജോസഫ് തൊണ്ടിപ്പറമ്പിൽ**

# മത്താ. 20:17 – 28

## I. സന്ദർഭം

മത്തായി അവതരിപ്പിക്കുന്ന യേശുവിന്റെ ജീവിതകഥയുടെ പുരോഗതി ഇങ്ങനെയാണ്. ദൈവപുത്രനും ക്രിസ്തുവുമായ യേശു (1:1-4:11) ശിഷ്യന്മാരെ തിരഞ്ഞെടുക്കുകയും തന്നിൽ വിശ്വസിക്കുന്നവരുടെ സമൂഹത്തെ സഭയായി രൂപപ്പെടുത്തുകയും ചെയ്യുന്നു (14:1-18:35). അതിനെത്തുടർന്നാണ് യൂദപ്രമാണിമാരുമായുള്ള അന്തിമസംഘർഷം ആരംഭിക്കുന്നത് (19:1-23:39). അതിന്നിടയിൽ യേശു മൂന്നാം പ്രാവശ്യം തന്റെ പീഡാസഹനത്തെയും മരണത്തെയും കുറിച്ച് പ്രവചനം നടത്തുന്നു (20:17-19). അത് മനസ്സിലാക്കാൻ പരാജയ പ്പെടുന്ന ശിഷ്യന്മാരെ യേശു തുടർന്നു പഠിപ്പിക്കുന്ന ഭാഗമാണ് ഇന്നത്തെ വചന ഭാഗം (20:20-28).

## II. പ്രമേയം

മൂന്നാമത്തെ പീഡാനുഭവ പ്രവചനവും പ്രതികരണങ്ങളുമാണ് പ്രധാന പ്രമേയങ്ങൾ. 1. തനിക്കു സംഭവിക്കാനിരിക്കുന്ന ദാരുണമായ മരണത്തെ ക്കുറിച്ച് യേശു വഴിയിൽവച്ച് ശിഷ്യരെ പഠിപ്പിക്കുന്നു; 2. ഇതിനോടുള്ള പ്രതികരണമെന്നോണം സെബദിപുത്രന്മാർ അവരുടെ അമ്മയുമായി വന്ന് സ്വർഗരാജ്യത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ റിസർവ് ചെയ്യാൻ ശ്രമിക്കുന്നു; 3. അവരെയും ബാക്കി 10 പേരെയും അടുത്തു വിളിച്ച് ശിഷ്യസമൂഹത്തിലുണ്ടായിരിക്കേണ്ട അധികാര രീതിയെക്കുറിച്ച് യേശു പഠിപ്പിക്കുന്നു.

## III. സന്ദേശം

1. മനുഷ്യപുത്രൻ പ്രധാന പുരോഹിതന്മാർക്കും നിയമജ്ഞർക്കും ഏൽപ്പിക്കപ്പെടുമെന്നാണ് തിരുവചനം. യൂദനെ സംബന്ധിച്ചിടത്തോളം കർമണി പ്രയോഗത്തിലുള്ള വാചകത്തിന്റെ കർത്താവ് ദൈവമാണ്. അതായത് ദൈവമാണ് മനുഷ്യപുത്രനെ ഏൽപിച്ചു കൊടുക്കുന്നതെന്ന് സാരം. യഥാർത്ഥത്തിൽ മനുഷ്യപുത്രനെ യൂദപ്രമുഖർക്ക് ഏൽപ്പിച്ച് കൊടുക്കുന്നത് യൂദാസാണ്. എങ്കിൽപ്പോലും അതിനെ ദൈവത്തിന്റെ പ്രവർത്തിയായാണ് യേശു കാണുന്നതെന്ന് സാരം. സ്വന്തം ശിഷ്യൻ ചെയ്ത നീചമായ പ്രവർത്തിയുടെ പിറകിലും ദൈവകരവും ദൈവിക പദ്ധതിയും കാണാൻ യേശുവിന് സാധിക്കുന്നു. നിന്റെ ജീവിതത്തിലും ദൈവം അറിയാതെ ഒന്നും സംഭവിക്കുന്നില്ലെന്നതാണ് സത്യം. നിന്റെ ചുറ്റുമുള്ളവർ നിന്നോട് ചെയ്യുന്ന അനീതികളും അക്രമങ്ങളും പോലും ദൈവം അറിയാതെയല്ല സംഭവിക്കുന്നത്. അതിനാൽ ഏതിന്റെയും പിറകിലുള്ള ദൈവകരം കാണാനും, ദൈവിക പദ്ധതി മനസ്സിലാക്കാനും നിനക്കു സാധിക്കണം. അപ്പോഴാണ് നിന്റെ ജീവിതം രക്ഷാകരമാകുന്നത്. നിന്റെ ജീവിതം കൊണ്ട് മറ്റുള്ളവർ രക്ഷപ്രാപിക്കുന്നതും അപ്പോഴാണ്.

2. പാനപാത്രം കുടിക്കുകയും സ്നാനം സ്വീകരിക്കുകയും ചെയ്യുക ശിഷ്യധർമ്മമാണ്(20:23). എന്നാൽ അതിനുള്ള പ്രതിഫലം നിശ്ചയിക്കേണ്ടത് പിതാവാണ് (20:23). നിന്റെ കടമ നിന്റെ ജീവിതധർമം ചെയ്യുകയാണ്. അതിനുള്ള പ്രതിഫലം ദൈവിക ദാനമാണ്. ഇതേ സന്ദേശം തന്നെയാണ് തൊട്ടു മുമ്പു വരുന്ന മുന്തിരിത്തോട്ടത്തിലെ ജോലിക്കാരുടെ ഉപമയിലും. ഒന്നാം മണിക്കൂറിൽ വന്നവനും, പതിനൊന്നാം മണിക്കൂറിൽ വന്നവനും ഒരു ദനാറാ വീതം ലഭിക്കുന്നു. ഫലമോ, അവസാനം വന്നവർക്ക് ഏറെ സന്തോഷം. കാരണം, അവരത് ദൈവിക ദാനമായി കരുതി സ്വീകരിച്ചു. തമ്പുരാൻ നിനക്ക് തരുന്നതിനെ നിന്റെ പ്രവർത്തികൾക്കുള്ള പ്രതിഫലമായല്ല; തമ്പുരാന്റെ ഉദാര ദാനമായി കരുതാൻ പരിശീലിക്കുക. അപ്പോൾ നിന്റെ ജീവിതം കൂടുതൽ കൃതജ്ഞതാ നിർഭരമാകും, കൂടുതൽ ദൈവികമാകും.

3. പീഡാനുഭവ പ്രവചനത്തിലെ പരാമർശം ശ്രദ്ധിക്കണം. ആദ്യം മനു

ഷ്യപുത്രൻ യൂദപ്രമുഖർക്ക് ഏൽപിച്ചു കൊടുക്കപ്പെടും; പിന്നീട് വിജാതിയർക്കും (20:18-19). യൂദരുടെയും വിജാതിയരുടെയും കൈകളിൽ അവൻ ഏൽപ്പിച്ചുകൊടുക്കപ്പെടുമെന്നു സാരം. എന്നാൽ മൂന്നാം ദിവസം അവൻ ഉയർപ്പിക്കപ്പെടും (20:19). അതായത് ദൈവം അവനെ ഉയർപ്പിക്കുമെന്ന് സാരം. നിന്റെ കാര്യത്തിലും ഇത് തന്നെയാണ് ശരി. എന്തെല്ലാം അനിഷ്ഠങ്ങൾ സംഭവിച്ചാലും മൂന്നാം ദിവസം ദൈവം നിന്റെ ജീവിതത്തിൽ ഫലപ്രദമായി ഇടപെടും. ഈ പ്രത്യാശ നിനക്ക് എപ്പോഴും ഉണ്ടായിരിക്കണം. രക്ഷാകരമായ ദൈവിക ഇടപെടലിനായി നീ പ്രത്യാശയോടെ കാത്തിരിക്കുക.

**ഡോ. ജേക്കബ് നാലുപറയിൽ**

# പ്രസംഗം

## വലിയവനാര്?

വലിയവനാകാനും അധികാരവും പണവും സമ്പാദിക്കാനും പ്രശസ്തനാകാനും ഉള്ള ആഗ്രഹം എല്ലാക്കാലത്തുമുള്ള മനുഷ്യർക്കുള്ളതാണ്. സെബദീപുത്രന്മാരുടെ മാതാവ് തന്റെ മക്കളായ യാക്കോബിനോടും യോഹന്നാനോടുമൊപ്പം വന്ന് യേശുവിനോട് അപേക്ഷിച്ചതും ഇതുതന്നെ. തന്റെ മക്കൾക്ക് സ്വർഗ്ഗത്തിലെ ഏറ്റവും പ്രധാനപ്പെട്ട അധികാരസ്ഥാനങ്ങൾ യേശു നല്കണം. എന്നാൽ യേശു തികച്ചും വ്യത്യസ്തമായ ഒരു ശൈലി സ്വീകരിക്കാൻ അവരോട് ആവശ്യപ്പെടുകയാണ്. വലിയവനാകാൻ ആഗ്രഹിക്കുന്ന നിങ്ങൾ എല്ലാവരുടേയും ശുശ്രൂഷകനാകുക. ഒന്നാമനാകാൻ ആഗ്രഹിക്കുന്ന നിങ്ങൾ എല്ലാവരുടേയും ദാസനാകുക.

തികച്ചും ആധികാരികതയോടെയാണ് യേശു ഇത് പറഞ്ഞത്. സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും നാഥനായിരുന്നിട്ടും പുൽക്കൂട്ടിൽ പിറക്കാൻ മനസ്സുകാണിച്ചവൻ. തികച്ചും സാധാരണക്കാരുടെ ജോലിയായ ആശാരിപ്പണി ചെയ്തവൻ, പ്രിയപ്പെട്ട ശിഷ്യരുടെ കാലുകഴുകിയവൻ, അവസാനം തെറ്റുചെയ്യാതിരുന്നിട്ടും രണ്ടു കള്ളന്മാരുടെ നടുവിൽ ലോകത്തിന്റെ പാപപരിഹാരത്തിനായി മരിക്കാൻ തയ്യാറായവൻ-അവനു മാത്രമേ അപ്രകാരം പറയാൻ അർഹതയുള്ളൂ, അവനത് പറയാൻ അർഹതയുണ്ട്. അവൻ പറഞ്ഞു-“നിങ്ങൾ ശുശ്രൂഷകരാകണം, പരസ്പരം ദാസരാകണം”. യേശുവിന്റെ ഈ പ്രബോധനത്തിന് നാല് തലങ്ങളുണ്ട്.

ഒന്നാമതായി ശുശ്രൂഷകനാകുക, ദാസനാകുക എന്നു പറഞ്ഞാൽ എല്ലാവരുടേയും ഇംഗിതത്തിനു വഴങ്ങുക എന്നല്ല അർത്ഥം. സ്വന്തമായ നിലപാടുകളും മനോഭാവങ്ങളും ഉണ്ടായിരിക്കുക, അതോടൊപ്പം ദൈവത്തിന്റെ മഹത്വത്തിനും മനുഷ്യന്റെ നന്മയ്ക്കും വേണ്ടി എളിമയോടെ പ്രവർത്തിക്കുക, പരസ്പരം ശുശ്രൂഷിക്കുക, ദാസ്യവൃത്തി ചെയ്യുക.

രണ്ടാമത്തെ തലം ഇന്നു സമൂഹത്തിൽ വർദ്ധിച്ചുവരുന്ന അപകടകരമായ ഒരു പ്രവണതയുമായി ബന്ധപ്പെട്ടുള്ളതാണ്. ശുശ്രൂഷ ചെയ്യുന്നതിലൂടെ, മറ്റുള്ളവരെ സേവിക്കുന്നതിലൂടെ, അംഗീകാരവും ആദരവും പ്രശംസയും ആഗ്രഹിക്കുന്നവരുടെ എണ്ണം കൂടുന്നു. വലതു കൈ ചെയ്യുന്നത് ഇടതു കൈ അറിയാതിരിക്കട്ടെ എന്നതിനു പകരം തന്റെ സേവനങ്ങൾ പത്രമാധ്യമങ്ങളിലൂടെ പുറംലോകം അറിയുന്നതിലൂടെ സന്തോഷം കണ്ടെത്തുന്നവർ ഇന്ന് അനേകമാണ്. ഒന്നും പ്രതീക്ഷിക്കാതെ ശുശ്രൂഷ ചെയ്യുമ്പോൾ മാത്രമാണ് അത് ശുശ്രൂഷ ആകുന്നത്. മറ്റുള്ളവർക്കെല്ലാം യേശുവിന്റെ ഭാഷയിൽ പറഞ്ഞാൽ പ്രതിഫലം ലഭിച്ചുകഴിഞ്ഞു.

മൂന്നാമത്തെ തലത്തിൽ നാം ഉത്തരം കണ്ടെത്തേണ്ട വലിയ ഒരു ചോദ്യമുണ്ട്. ആരെയാണ് നാം യഥാർത്ഥത്തിൽ ശുശ്രൂഷിക്കേണ്ടത്? ആരുടെ ദാസനാണ് നാം ആകേണ്ടത്? അധികാരത്തിലിരിക്കുന്നവരെ, സമ്പത്തുള്ളവരെ, സമൂഹത്തിൽ സ്ഥാനമുള്ളവരെ ശുശ്രൂഷിക്കാനല്ല യേശു ഇതിലൂടെ ആവശ്യപ്പെടുന്നത്. നമ്മുടെ ശുശ്രൂഷയ്ക്ക് അർഹതയുള്ളവരെയാണ്, നമ്മുടെ സേവനം ആവശ്യമുള്ളവരെയാണ് നാം ശുശ്രൂഷിക്കേണ്ടത്. ശബ്ദമില്ലാത്തവർക്കുവേണ്ടി സ്വരമുയർത്തുമ്പോൾ ഒരു നേരത്തെ ഭക്ഷണത്തിനുവേണ്ടി കേഴുന്നവനും തലചായ്ക്കാൻ ഇടമില്ലാത്തവനും സഹായമായി നിലകൊള്ളുമ്പോഴാണ് നമ്മുടെ ശുശ്രൂഷ ഫലവത്താകുന്നത്.

നാലാമത്തെ തലത്തിൽ നമ്മുടെ ഉള്ളിൽ നിലനില്ക്കുന്ന ഒരു തെറ്റിദ്ധാരണ മാറ്റേണ്ടത് അത്യാവശ്യമാണ്. സമ്പത്തും അധികാരവും സ്ഥാനമാനങ്ങളും അതിൽ തന്നെ തെറ്റല്ല. ന്യായമായ രീതിയിൽ അധ്വാനിച്ചുണ്ടാക്കിയ സമ്പത്തും നേരായവഴിയിലൂടെ ലഭിച്ച സമൂഹത്തിന്റെ അംഗീകാരവും പ്രശസ്തിയും ദൈവദാനങ്ങൾ തന്നെയാണ്. പക്ഷെ അവിടെ വലിയ ഒരു അപകടം ഒളിഞ്ഞിരിപ്പുണ്ട്. ഞാൻ എന്ന വ്യക്തിക്ക് അമിതപ്രാധാന്യം നല്കുമ്പോൾ അധികാരവും പ്രശസ്തിയും മറ്റുള്ളവരെ ചൂഷണം ചെയ്യാനുള്ള മാർഗ്ഗങ്ങളായി അധഃപതിക്കുമ്പോൾ അവ തെറ്റായി മാറുന്നു. മറിച്ച് എന്റെ സമ്പത്തുകൊണ്ട്, സ്ഥാനമാനങ്ങൾകൊണ്ട്, സമൂഹത്തിലെ മറ്റുള്ളവർക്ക് സേവനം ചെയ്യാൻ എനിക്ക് സാധിക്കുമ്പോൾ അത് എല്ലാവർക്കും അനുഗ്രഹമായി മാറും-നൽകുന്നവനും ലഭിക്കുന്നവനും. അതിനുള്ള ഉത്തമ ഉദാഹരണങ്ങൾ നമ്മുടെ സമൂഹത്തിൽ തന്നെയുണ്ട്. ലോകത്തിന്റെ മുഴുവൻ ജാതിമത ഭാഷകൾക്കതീതമായ അംഗീകാരവും ആദരവും അതിലൂടെ പ്രശസ്തിയും ലഭിച്ച വ്യക്തിയാണ് മദർ തെരേസ. തനിക്കു ലഭിച്ച പുരസ്ക്കാരങ്ങളിലും പ്രശസ്തിയിലും മതിമറന്ന് ആഹ്ലാദിക്കാതെ കൂടുതൽ വിനയത്തോടെ അർഹതയുള്ളവരെ ശുശ്രൂഷിച്ചപ്പോൾ ആ അമ്മ ലോകത്തിലെ കോടിക്കണക്കിന് ജനങ്ങളുടെ അമ്മയായി മാറി. ദാസ്യവൃത്തിയുടെ അനുഭവങ്ങൾ കേൾക്കാൻ നമ്മൾ ദൂരേക്കെങ്ങും പോകണ്ട.

രാപകലില്ലാതെ അടുക്കളയുടെ ചൂടിൽ നമുക്കുവേണ്ടി അദ്ധ്വാനിക്കുന്ന നമ്മുടെ അമ്മമാരും യാതൊരു പ്രതിഫലവും പ്രതീക്ഷിക്കാതെ മക്കൾക്കു വേണ്ടി കഷ്ടപ്പെടുന്ന നമ്മുടെ അപ്പച്ചന്മാരുമൊക്കെ ഈ ശുശ്രൂഷയുടെ, ദാസ്യവൃത്തിയുടെ ജീവിക്കുന്ന ഉദാഹരണങ്ങളാണ്.

പ്രിയപ്പെട്ടവരെ , വളരെ പ്രയാസമേറിയ ഒരു ഉത്തരവാദിത്വം യേശു ഇന്ന് നമ്മെ ഏല്പിക്കുകയാണ്. വലിയവനാകാനുള്ള, ഒന്നാമനാകാനുള്ള, നമ്മുടെ സ്വാഭാവിക ആഗ്രഹത്തെ ചെറുത്ത് തോല്പിച്ച് മറ്റുള്ളവരെ നമ്മുടെ കഴിവിന്റെ പരമാവധി ശുശ്രൂഷിക്കാനും എളിമയോടെ സമൂഹത്തിൽ പ്രവർത്തിക്കാനും യേശു തന്നെ നമ്മെ സഹായിക്കട്ടെ.

**ഫാ. ജോസഫ് കണിയോടിക്കൽ**

*Printed & Published by Fr. Jacob Naluparayil, MCBS House, Perumanoor P.O.-682 015, Ernakulam.*
*Printed at Viani Printings, Kochi - 18, Kerala; Editor: Fr. Jacob Naluparayil*